എ5/79/2018-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 08-06-2018

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നതിനുള്ള കർശന നിർദ്ദേശം സംബന്ധിച്ച്

സൂചന: 18-05-2018-ലെ 112/എ.ആർ 13(2)/18/ഉ.ഭ.പ.വ നമ്പർ സർക്കാർ പരിപത്രം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചനപ്രകാരമുള്ള സർക്കാർ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഓഫീസ് സമയത്ത് ജീവനക്കാർ കുട്ടികളെ ഓഫീസിൽ കൂടെക്കൊണ്ട് വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതാണെന്ന് ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

ഉള്ളടക്കം: സൂചന പരിപത്രത്തിന്റെ പകർപ്പ്

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

File No.AR13-2/112/2018-PandARD

9/18

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ -13) വകുപ്പ്

നം.112/എ.ആർ 13(2)/18/ഉ.ഭ.പ.വ

തിരുവനന്തപുരം, തീയതി, 18/05/2018

## സർക്കുലർ

വിഷയം:- സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവർത്തിസമയം ഒപ്പം ഇരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുന്നത്തിനുള്ള കർശന നിർദേശം സംബന്ധിച്ച്

ബഹു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ റോയൽ കവടിയാർ പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് സമർപ്പിച്ച പരാതിയിന്മേൽ എച്ച്. ആർ. എം. പി. 3057/2018 നമ്പരായി 24.3.2018 തീയതിയിൽ ബഹു. കമ്മീഷൻ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൻ പ്രകാരം ടി വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ബഹു. കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാർ ഓഫീസ് സമയത്ത് കുട്ടികളെ കൂടെകൊണ്ട് വരികയും ഒപ്പം ഇരുത്തുകയും ചെയ്യുന്നത് കൊണ്ട് വിലപ്പെട്ട ഓഫീസ് സമയം നഷ്ടപ്പെടുന്നതോടൊപ്പം കുട്ടികളുടെ വ്യക്തിത്വ വികസനം ഹനിക്കപ്പെടുന്നതായും ഓഫീസ് ഉപകരണങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായും ആരോപണം ഉയർന്ന സാഹചര്യത്തിൽ ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പ്മേധാവികൾ ഉദ്യോഗസ്ഥർക്ക കർശന നിർദേശം നൽകി ഓഫീസ് സമയത്ത് ജീവനക്കാർ കുട്ടികളെ ഓഫീസിൽകൂടെകൊണ്ട്

File No.AR13-2/112/2018-PandARD

വരുന്ന പ്രവണത നിയന്ത്രിക്കേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

പോൾ ആന്റണി
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും /പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം
(അച്ചടി,ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ